
THE
BIBLE TRUTH


# "സുവിശേഷം അനുസരിക്കൽ"

## സുവിശേഷം

യോഹന്നാൻ 3:16

(റോമർ 1:16)

പ്രവൃത്തി 2:38




എഫെസ്യർ 2:8

എബ്രായർ 5:9

## സുവിശേഷം അനുസരിക്കൽ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **March** **1999** **No. 12**

## എഡിറ്റോറിയൽ

മാനുഷികമായ ആശയങ്ങളുടെ ബാഹുല്യം ഇന്നു സമൂഹത്തിൽ കുറവല്ല. എല്ലാ മേഖലകളിലുമുള്ള ആളുകളേയും ഇതു ബാധിക്കുന്നു. ആബാലവൃദ്ധം ആളുകളിലും ഇതിന്റെ സ്വാധീനം നാം കാണുന്നുണ്ട്. ക്രമാതീതമായ ഈ വളർച്ച അഭിമാനത്തോടെയാണ് ഭൂരിഭാഗം പേരും വിലയിരുത്തുന്നത്. അത് എന്തുകൊണ്ടെന്നാൽ കാര്യങ്ങളുടെ ഒരുവശം മാത്രമേ അവരുടെ കാഴ്ചപ്പാടിൽ തെളിയുന്നുള്ളു എന്നതാണ്. ശരിയായി പറയുകയാണെങ്കിൽ ഇതിൽ അടങ്ങിയിരിക്കുന്ന ക്രിയാത്മകതയെയും നിഷ്ക്രിയത്വത്തെയും നാം തിരിച്ചറിയേണ്ടതുണ്ട്. വളരെക്കാലമായി ഇത്തരം തത്വശാസ്ത്രങ്ങളും, നീതിസാരങ്ങളും പഴഞ്ചൊല്ലുകളും അറിയപ്പെട്ടിരുന്നു. അതെല്ലാം സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. കലാ, സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ ഇവ നിറഞ്ഞു നിന്നിരുന്നു. ആകർഷണീയമായതിനാൽ ഇതു തലമുറകളിലേക്കു മാറി മാറി വന്നു. ആശയങ്ങളെ അനുകരിക്കാനുള്ള ആവേശം മനുഷ്യ മനസിൽ എന്നും ഉണ്ടായിരുന്നു എന്നു നമുക്കറിയാം.

എന്നാൽ മനുഷ്യൻ ദൈവത്തിന്റെ വെറുമൊരു സൃഷ്ടി മാത്രമാണെന്നും അതിനപ്പുറമായി ഒന്നുമല്ല എന്നുമുള്ള അവന്റെ പരിമിതി അവൻ മനസിലാക്കണം. ചിന്തിക്കുവാനും വിവേചിക്കുവാനുമുള്ള കഴിവ് ദൈവം മ

നുഷ്യർക്ക് നല്കിയിട്ടുണ്ട്. പക്ഷെ അത് സ്വന്ത ആശയങ്ങളെ മററുള്ളവരിൽ സ്വാധീനം ചെലുത്തുന്നതിനുവേണ്ടി ഉപയോഗിക്കുമ്പോൾ നാം മറക്കുന്ന മറെറാരു കാര്യമുണ്ട്. അത് അപരൻെറ ഇച്ഛാശക്തിയാണ്. എനിക്കു എൻേറതായ ആശയങ്ങളും തത്വങ്ങളും ഉണ്ടാകും. നിങ്ങൾക്കും അങ്ങനെ തന്നെ. ഒന്നു മറെറാന്നിനേക്കാൾ ശ്രേഷ്ഠമെന്നു തോന്നിയേക്കാം. പക്ഷെ യാഥാർത്ഥ്യം എന്തെന്നാൽ ദൈവ സന്നിധിയിൽ ഒരാളുടെ ആശയവും തത്വവും പോലെയാണ് മറെറാരാളുടേതു്. വിഭിന്നമായ ചിന്താഗതികളുള്ള ജനങ്ങളുടെ ആശയങ്ങൾ എത്ര ഉയർന്നതായാലും അവ ദൈവത്തിന് അസ്വീകാര്യമാണ് എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ട്. മതപരമായ കാര്യത്തിൽ മാത്രമല്ല മറെറതു കാര്യത്തിലും ദൈവത്തിൻെറ ആലോചനയെക്കാൾ ഉന്നതമായ ആശയമില്ല. ഫോറായ്മകളും പഴുതുകളും മനുഷ്യരുടെ നിയമങ്ങളിലും ആശയ തത്വങ്ങളിലും ഉള്ളതുകൊണ്ട് അവ ആശ്രയിക്കാവുന്നതല്ല. അതുകൊണ്ടാണ് ദൈവം അവയെ വിലക്കിയിരിക്കുന്നത്.

സഭയുടെ നിലനില്പിനും വളർച്ചക്കും നേതൃത്വം കൊടുക്കുന്നവർ പല നൂതന കാര്യങ്ങളും ചെയ്തു കാണുന്നുണ്ട്. പക്ഷെ ദൈവ നിയമത്തിനും ചട്ടത്തിനും വിപരീതമായ ഈ ആശയങ്ങൾ താല്ക്കാലികമായി ഗുണം ചെയ്തു എന്നു തോന്നിയേക്കാം. എന്നാൽ പിൽക്കാലത്തു അവ ഉദ്ദേശഫലം ലഭിക്കുകയില്ല. സഭ ക്രിസ്തുവിൻേറതാകയാൽ നേതൃത്വം ക്രിസ്തുവിൻേറതായിരിക്കണം ഭാവിക്കേണ്ടത് ക്രിസ്തുവിൻെറ ഭാവം ആയിരിക്കണം. ചെയ്യേണ്ടതും ചെയ്യരുതാത്തതും മാതൃക അനുസരിച്ചായിരിക്കണം. ആത്മാവിന് കീഴ്പ്പെട്ടു ജീവിക്കുന്നവർക്കേ അതിനു കഴിയു. ദൈവിക പരിജ്ഞാനത്തിനപ്പുറമായി ഒരു ആശയവും നാം കടം എടുക്കരുത്.

★

# തെററു തിരഞ്ഞെടുക്കുന്നതു ആർ?

J.C. ചോട്ട്

അറിയപ്പെടുന്ന അസംഖ്യം സഹോദരന്മാർ ഇന്നു തെററിലേക്കു വഴുതി പോകുന്നതു കാണുമ്പോൾ നമുക്കു വിസ്മയം തോന്നും. അവർ നമ്മുടെ കാലത്തെ യഹൂദന്മാരും ഒററിക്കൊടുക്കുന്നവരും വിശ്വാസത്യാഗികളും ശത്രുവിന് കീഴ്പ്പെടുന്നവരുമാണ്. ഔദാര്യമായ നിയമങ്ങൾ അവർ ഉണ്ടാക്കി മറെറാരു സുവിശേഷം പ്രസംഗിക്കാൻ തന്നെ മുതിരുന്നു. ഇതു വരുത്തിതീർക്കുന്ന ദോഷഫലം വളരെ വ്യാപ്തമാണ്.

എത്ര ലജ്ജാകരവും ഖേദകരവുമാണ് ഇതെന്നു അവർ ചിന്തിക്കുന്നില്ലായിരിക്കാം. ഇങ്ങനെ ചെയ്യുന്നവർ കർത്താവിനെയും അവൻെറ വചനത്തെയും സ്നേഹിക്കുന്നില്ല എന്നതാണ് വാസ്തവം. അവർ എത്ര ഉറക്കെ പ്രഖ്യാപിച്ചാലും അവരുടെ പ്രവൃത്തികൾ മറെറാന്നായി മാറുന്നു. യേശുവിൻെറ വചനത്തെ നിഷേധിച്ചുകൊണ്ട് അവനെ എങ്ങനെ വാസ്തവത്തിൽ സ്നേഹിക്കാൻ പററും? സത്യം പഠിപ്പിക്കാനും അവർ കൂട്ടാക്കുന്നില്ല. ഇവരെ ഒന്നു ശ്രദ്ധിച്ചാൽ അവർക്ക് മുൻപ് ജീവിച്ചിരുന്നവരും തെററുകളിൽ മുഴുകിയിരുന്നതായി കാണാം. അവർ തെററിൽ സഞ്ചരിച്ചു അവസാനം വിദൂരത്തിൽ എത്തിയിരുന്നതായി മനസിലാകും; അവരെ അനുകരിക്കരുത്. നിങ്ങൾ ശ്രദ്ധിക്കേണ്ടത് ഇതാണ്. അവരുടെ പ്രവൃത്തികളെ പിൻപററുന്നവർക്ക് നാശമായിരിക്കും ഫലം. മാനസാന്തരപ്പെട്ടു ദൈവത്തിലേക്ക് തിരിഞ്ഞു നടക്കുവാൻ അവരുടെ അഹങ്കാരം അവരെ അനുവദിക്കാതിരുന്നു.

ദൈവഹിതം തീർച്ചയായും വ്യക്തമായി പ്രസ്താവിക്കപ്പെട്ടു. അതു നേരായതും ലളിതവുമാണ്. ദൈവത്തിൻെറ ഭാഗവും സാത്താൻെറ ഭാഗവും തമ്മിൽ വൈപരീ

ത്യം കാണാതെ ഒരാൾക്ക് ബൈബിൾ പഠിക്കാൻ സാദ്ധ്യമല്ല. മറെറാരർത്ഥത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ ഉദ്ദേശവും പിശാചിന്റെ ഉദ്ദേശവും രണ്ടും രണ്ടാണെന്നർത്ഥം. അതുകൊണ്ടാണ് നമുക്ക് ജീവിതത്തിൽ പോരാട്ടം ഉള്ളത്.

ഏദെൻ തോട്ടത്തിൽ പാർപ്പാൻ നിയോഗിക്കപ്പെട്ട ആദാമിനോടും ഹവ്വയോടും തോട്ടത്തിലെ നന്മതിന്മകളെ കുറിച്ച് അറിവുള്ള വൃക്ഷത്തിന്റേതൊഴിച്ച് മറെറല്ലാ വൃക്ഷത്തിന്റേയും ഫലം പറിച്ചു തിന്നാം എന്നു അരുളിച്ചെയ്തു. എന്നാൽ നന്മതിന്മകളെ കുറിച്ച് അറിവുള്ള വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നു പറഞ്ഞിരുന്നു (ഉല്പത്തി 2:16-17). എന്നാൽ സർപ്പം ഹവ്വയെ പ്രേരിപ്പിച്ച് ചതിക്കയും അവൾ വിലക്കപ്പെട്ട കനി ഭക്ഷിക്കുകയും ആദാമിനും കൊടുക്കയും ചെയ്തു. അവനും അതു ഭക്ഷിച്ചു. ഇപ്പോൾ ആർ ശരി എന്നും ആർ തെററു എന്നും പറയാമോ? ദൈവമോ അതോ സർപ്പവും ആദാമും ഹവ്വയുമോ? ആദാമും ഹവ്വയും ചെയ്തതു ശരി എന്നു പറഞ്ഞാൽ എത്ര പേർക്ക് അതിനോട് യോജിക്കാൻ കഴിയും? ഏക സത്യദൈവവും മററു മൂന്നു വ്യക്തികളുമായിരുന്നു തോട്ടത്തിലുണ്ടായിരുന്നത്. ദൈവമൊഴിച്ച് മൂന്നുപേരും തെററു ചെയ്തു. ദൈവത്തിന്റെ പ്രവർത്തിയോ നീതിയുള്ളതായിരുന്നു. അതു മാത്രമായിരുന്നു ശരിയായിട്ടുള്ളതു.

ദുഷ്ട മനുഷ്യരെ നശിപ്പിക്കാനായിരുന്നുവല്ലോ ദൈവം ജലപ്രളയം വരുത്തിയത്. എന്നാൽ നോഹയെയും കുടുംബത്തെയും ഒരു പെട്ടകത്തിലൂടെ രക്ഷിക്കയുണ്ടായി. ഉല്പത്തി പുസ്തകം ആറാം അദ്ധ്യായത്തിൽ നാം അതു വായിക്കുന്നുണ്ട്. ഈ സംഭവം വിശദമായി വായിച്ചുകൊണ്ട് ആരാണ് ശരി, ആരാണ് തെററ് എന്നു പറയുവാൻ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകുമോ? അന്നുണ്ടായിരുന്ന ഭൂരിഭാഗം ജനങ്ങളായിരുന്നുവോ ശരി അതോ

നോഹയും കുടുംബവും ആയിരുന്നോ ? ആ ദുഷ്ടന്മാരെ നശിപ്പിച്ചത് അനീതിയായിപ്പോയി എന്നു ആരെങ്കിലും വാദിക്കുമോ ? നോഹയും കുടുംബവും ഒഴിച്ചുള്ള സർവ്വ ജനവും ദൈവത്തിനെതിരായിരുന്നു. എന്നാൽ നോഹയും കുടുംബവും അടങ്ങിയ എട്ടു പേർ ശരിയായി പ്രവർത്തിച്ചു.

പുതിയ നിയമത്തിലും നമുക്ക് ഇതേപോലെ പല സംഭവങ്ങളും കാണാം. യേശുക്രിസ്തുവും യഹൂദന്മാരുമുണ്ടായിരുന്നു. കർത്താവിനെതിരായി നീങ്ങിയ ദൈവജനമായിരുന്നില്ല ശരിയായി പ്രവർത്തിച്ചത്, ദൈവോദ്ദേശം നിറവേററുവാനായി പ്രയത്നിച്ച യേശുവായിരുന്നു. ഇനി യൂദയേയും കർത്താവിനേയും തമ്മിൽ താരതമ്യം ചെയ്താൽ ആരായിരുന്നു ശരി ? കർത്താവു ചെയ്തതാണ് ശരിയായതെന്നു നമുക്കറിയാം. യൂദാ ചെയ്തതു ദൈവത്തിനു എതിരായിരുന്നു. പുതിയ നിയമോപദേശം പ്രസംഗിച്ച സ്തെഫാനൊസിനെ യഹൂദന്മാർ കല്ലെറിഞ്ഞു കൊന്നു. പുതിയ നിയമ സഭയുടെ പ്രാരംഭ ഘട്ടത്തിൽ സഭയെ ഉപദ്രവിച്ചവനായിരുന്നു ശൗൽ. സഭ കർത്താവിനു കീഴ്പ്പെട്ടു ജീവിച്ചിരുന്നു. എന്നാൽ ശൗലോ കർത്താവിന്റെ സഭയെ ഉപദ്രവിക്കയും മുടിക്കയും ചെയ്തു വന്നു. എന്നാൽ നമുക്ക് അറിയാം സഭ ചെയ്തതു ശരിയായിരുന്നു. ശൗൽ ചെയ്തതു തെററായിരുന്നു. കർത്താവു തന്നെ അതു തെളിയിക്കയുണ്ടായി.

ഇടുങ്ങിയതും വിശാലവുമായ രണ്ടു വഴികൾ കാണുമ്പോൾ നിങ്ങൾ സ്വീകരിക്കുന്ന വഴി ഏതാണ് ? (മത്തായി 7:13-14). ഒന്നു വളരെ എളുപ്പമാണ്. മറേറതു വിഷമകരവുമാണ്. വാക്കുകളിൽ മാത്രം നിങ്ങൾ ദൈവത്തിൽ ഉള്ള വിശ്വാസം പ്രകടിപ്പിക്കാനോ അതോ പ്രവർത്തികളാൽ പ്രകടിപ്പിക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നത് (മത്തായി 7:21-23)? ക്രിസ്തു എന്ന ഏക വഴിയാണോ നിങ്ങൾ വിശ്വസിക്കുന്നത് അതോ അനേക വഴികളാണോ ?

(യോഹന്നാൻ 14:6). വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണോ അതോ കർത്താവിനെ സ്വന്ത രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്ക എന്നാണോ നിങ്ങളുടെ വിശ്വാസം ? (മർക്കൊസ് 16: 16). രക്ഷിക്കപ്പെടുവാൻ കർത്താവു കല്പിച്ച കല്പനകൾ അനുസരിക്കാനോ അതോ സമുദായം കല്പിച്ചത് ചെയ്യാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത് ? കർത്താവ് രക്ഷിച്ച് അവന്റെ സഭയിലേക്ക് ചേർക്കപ്പെടുവാനാണോ ? അതോ ഏതെങ്കിലും സഭ പറയുന്നത് ചെയ്തു അതിൽ അംഗമാകാനാണോ നിങ്ങൾ തീരുമാനിക്കുന്നത് ? (മത്തായി 16:18-19; പ്രവൃത്തി 2:47). ദൈവത്തിനു സ്വീകാര്യമായ സത്യത്തിലും ആത്മാവിലും ആരാധിക്കുവാനോ അതോ ഏതെങ്കിലും പള്ളിയിൽ പോയി ഒരു ചടങ്ങിനു കുർബ്ബാന കാണുവാനോ ആണ് നിങ്ങൾ തയ്യാറാവുന്നത് ? വീട്ടിൽ തനിച്ചിരുന്ന് പ്രാർത്ഥിക്കാനോ അതോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭയായി ദൈവത്തെ ആരാധിക്കാനാണോ നിങ്ങൾ ഇഷ്ടപ്പെടുന്നത് ? മുകളിൽ പറഞ്ഞവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുക.

ഇന്നു നമുക്കു ചുററും പഠിപ്പിച്ചു കേൾക്കുന്ന ഉപദേശങ്ങൾ അത്രയും ബൈബിളിനു വിരുദ്ധമായതുകൊണ്ടു അവ മറെറാരു സുവിശേഷമാണ്. അവർ ദൈവ വചനത്തിൽ അജ്ഞർ എന്നവണ്ണം ആണ് അവയെല്ലാം പ്രസ്താവിക്കുന്നത്. ബൈബിളിൽ പറയുന്ന കാര്യങ്ങൾ വാസ്തവത്തിൽ അവർക്കു മനസിലാകാഞ്ഞിട്ടാണോ ? മതപരമായ എല്ലാ സമുദായങ്ങളിലും ഉള്ള ദുർുപദേശങ്ങൾ ദൈവഹിതത്തിനു എതിരാണെന്നു അവർ തിരിച്ചറിയുന്നില്ലേ ? അല്ലെങ്കിൽ അതൊന്നും സാരമില്ല എന്നു കരുതുകയാണോ ? മററുള്ള സഭകളെല്ലാം ധാരണാശേഷിയില്ലാത്തവർ എന്നാണോ അവരുടെ നിഗമനം ?

★

# ക്രിസ്തുവിന്റെ സഭയെ കണ്ടെത്തൽ

ഡാൽട്ടൻ കീ

പലർക്കും പുതുമ തോന്നുന്ന കാര്യങ്ങളിൽ ഒന്നാണ് ബൈബിളിലെ സഭ. എണ്ണമറ്റ നാമധേയ വിഭാഗങ്ങൾ വലുതും ചെറുതും പ്രചുരപ്രചാരത്തിലിരിക്കുന്നു. ശരിയായതും ദൈവത്താൽ അംഗീകരിക്കപ്പെടുന്നതുമായ ഏക സഭ പലർക്കും അജ്ഞാതമായിരിക്കുന്നു എന്നത് പരമാർത്ഥമാണ്. ക്രിസ്തുവിന്റെ സഭ എന്ന പുതിയ നിയമ സഭയെ എല്ലാവരും തിരിച്ചറിയേണ്ടതാണ്. ക്രിസ്തു പണിയും എന്നു പറഞ്ഞ സഭയെ അവൻ പണിതു കഴിഞ്ഞു (മത്തായി 16:18). ആ സഭ അവന്റെ ആത്മീയ ശരീരമാണ്. ആത്മീയമായി നമ്മെ രക്ഷിക്കുന്നതും സൗഖ്യം നല്കുന്നതും ക്രിസ്തുവാണ് (എഫെസ്യർ 5:25). ആ സഭ ഒന്നു മാത്രമാണുള്ളത്. അതിനു പ്രത്യേക ഗുണ വിശേഷണങ്ങൾ ഉണ്ട് (എഫെസ്യർ 1:22-23; 4:4-5). സഭ എന്നു പറയുമ്പോൾ ഭൗതികമായ ഒരു പ്രസ്ഥാനമോ കെട്ടിടമോ, അല്ല. വിളിച്ചു വേർതിരിക്കപ്പെട്ട, സത്യം അനുസരിച്ചവരുടെ കൂട്ടം ആണ്. സഭ എന്നു കേൾക്കുമ്പോൾ മനുഷ്യരുടെ മനസിൽ എത്തുന്ന ചിത്രവും ദൈവം വെളിപ്പെടുത്തിയിരിക്കുന്ന വ്യത്യാസവും നാം അറിഞ്ഞിരിക്കണം.

ഇന്നത്തെ സഭ ക്രിസ്തുവിന്റെ സഭയായി അറിയപ്പെടണമെങ്കിൽ അതിന്റെ അടിസ്ഥാനം, നിലനില്പ്, പ്രത്യേകതകൾ എന്നിവ പുതിയ നിയമത്തിലേതായിരിക്കണം. പുതിയ നിയമത്തിൽ വായിക്കാത്ത പ്രത്യേകതകൾ ഉണ്ടെങ്കിൽ അതു ക്രിസ്തുവിന്റെ സഭയല്ല എന്നു നിസ്സംശയം പറയാം. മാനുഷിക പ്രമാണങ്ങൾക്കോ ഉപദേശ നിശബ്ദതക്കോ കർത്താവിന്റെ ശരീരം അനുവാദം കൊടുക്കുന്നില്ല. ദൈവേഷ്ടപ്രകാരമുള്ള സഭയാണ് ക്രിസ്തുവിന്റേത്.

ദൈവികമായി വിലെക്കു വാങ്ങപ്പെട്ട ഒരു ശരീരമാണ് തിരുവെഴുത്തിൽ വായിക്കുന്ന സഭ. രേഖപ്പെടുത്തിയിട്ടുള്ള അടയാളങ്ങളാണ് ആ സഭയ്ക്കു ഉള്ളത്. ഇവ നോക്കി തിരിച്ചറിയാൻ സാധിക്കും.

പുരാതന കാലത്തിൽ ആരംഭിച്ചതായ ക്രിസ്തുവിന്റെ സഭയെ എല്ലാംകൊണ്ടും തിരിച്ചറിയാവുന്നതായിരുന്നു. യോഹന്നാന്റെ സ്നാനത്തെ പഠിപ്പിച്ചിരുന്ന അപ്പൊല്ലൊസിന്റെ സഭയെ ഉദാഹരണമായി എടുക്കാം (പ്രവൃത്തി 18:24-28). ഇതാണോ യേശു പണിയുമെന്നു പറഞ്ഞ സഭ ? ഇത്തരം ഒരു കൂട്ടത്തിൽ നിന്നും കർത്താവിന്റെ സഭയെ വേർതിരിച്ച് കാണാൻ കഴിയുമായിരുന്നോ ? ദൈവികമായ പരിച്ഛേദനയോ മോശെയുടെ ന്യായപ്രമാണമോ ആളുകളെക്കൊണ്ടു ആചരിപ്പിക്കുന്ന സഭ ഉണ്ടായിരുന്നെങ്കിൽ എന്നു ചിന്തിക്കുക (ഗലാത്യർ 5:1-4). ഇന്ന് അറിയപ്പെടുന്ന സഭകൾ ക്രിസ്തുവിന്റേതെന്നു ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. പക്ഷെ അതിനുള്ള ഉത്തരവാദിത്വം മനുഷ്യർക്കാണ്. വസ്തുതകൾ വിവേചിച്ച് മനസിലാക്കാതിരുന്നതാണ് കാരണം. സ്വേച്ഛാരാധന നടത്തുന്ന കൂട്ടരുണ്ട്. വാദ്യമേളങ്ങൾ ആരാധനക്കു വീര്യം പകരുവാനോ മറ്റോ ഉപയോഗിക്കുന്നവർ ഉണ്ട്. യാന്ത്രികമായി അവർ ചെയ്യുന്നതിനെ പല രീതിയിലും ആളുകൾ ന്യായീകരിച്ചിട്ടുണ്ട്. അവരുടെ തോന്നലുകൾക്കനുസരിച്ച് ചെയ്യുന്നതിനെ ദൈവം അംഗീകരിക്കുമോ എന്നതാണ് അവർ ചിന്തിക്കേണ്ടത്.

ഓരോരുത്തർ അവരവരുടെ മനോധർമ്മപ്രകാരം ആരാധിക്കുകയാണെങ്കിൽ ദൈവ നിയമത്തേയും നിബന്ധനയേയും അവർ മാനിക്കുന്നില്ല എന്നു വരുന്നു. അതു നിഷേധാത്മകമായ ഒന്നാണ്.

★

# ഈ ലോകത്തിനു അനുരൂപമാകരുത്

## ഗ്യാരി മെക്ഡെയ്ഡ്

ദൈവത്താൽ നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പൊസ്തലന്മാർ. അവർ ദൈവശ്വാസീയരുമായിരുന്നു. തിരുവെഴുത്തിലെ എല്ലാ പുസ്തകങ്ങളും അങ്ങനെ എഴുതപ്പെട്ടതാണ്. തന്റെ ലേഖനത്തിൽ അപ്പൊസ്തലനായിരുന്ന പൌലൊസ് ഇപ്രകാരം എഴുതി: സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12: 1-2). ഈ ലോകത്തിനു അനുരൂപമാകുക എന്നു പറഞ്ഞാൽ ലോകത്തിലുള്ളവയുമായി പൊരുത്തപ്പെട്ടു പോകുക എന്നർത്ഥം. അവയുമായി വിട്ടുവീഴ്ചക്കു തയ്യാറാവുക എന്നതു ദൈവത്തോടുള്ള നിഷേധമാണ്.

ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള ഏതൊരു പ്രവർത്തിക്കായും വിട്ടു വീഴ്ച പാടില്ല. മനുഷ്യർക്ക് രസമുള്ളതു പലതും ലോകത്തിൽ ഉണ്ട്; അവയെല്ലാം ദൈവമക്കളെയും ആകർഷിക്കാനിടയുണ്ട്. പക്ഷെ ദൈവ വചനമാണ് ഒരു പൈതലിനെ സംബന്ധിച്ചു മുഖ്യം. യുവാവായിരുന്ന തിമൊഥെയോസിനു പൌലൊസ് കൊടുക്കുന്ന നിർദ്ദേശം പ്രസ്താവ്യമാണ്. വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘ ക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക; അവർ പത്ഥ്യോപദേ

ശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. അപ്പൊസ്തലൻ മുന്നറിയിച്ചതു ഇന്നു സംഭവിക്കുന്നു എന്നതു വാസ്തവമാണ്. ദൈവ വചനത്തോടു കൂട്ടുചേർക്കുന്നവരുണ്ട്. പക്ഷെ സത്യസന്ധരായ ക്രിസ്ത്യാനികൾ ദൈവ വചനം അങ്ങനെ തന്നെ പ്രസംഗിക്കും. അതിനു യാതൊരു വിട്ടു വീഴ്ച്ചയും നടത്തുകയില്ല.

വിട്ടു വീഴ്ച്ചയെ കുറിച്ചുള്ള നിങ്ങളുടെ കാഴ്ച്ചപ്പാട് എന്താണ്? നമുക്കു ചുററുപാടുമുള്ള നാമധേയ വിഭാഗങ്ങൾ എല്ലാം ലോകത്തിനു അനുരൂപപ്പെട്ടു പോകുന്നു എന്നു പറയാം. ഈ വിട്ടു വീഴ്ച്ച വളരെ അപകടം നിറഞ്ഞതാണ് എന്നതിനു സംശയമേയില്ല. അതുകൊണ്ടാണ് വിഭാഗങ്ങളിൽ സത്യത്തിനു സ്ഥാനമില്ലാത്തത്. എന്നാൽ സത്യം പഠിച്ചു അനുസരിച്ചവർ സത്യത്തിൽ നിലനില്ക്കണം. ലോകത്തുള്ള നാമധേയ വിഭാഗങ്ങളുമായി വിട്ടു വീഴ്ച്ച ചെയ്യുവാൻ ശ്രമിച്ചാൽ അതു പരീക്ഷണത്തിനു കീഴ്പ്പെടുന്നതുപോലെയാണ്. ആളുകളെ അനുകരിക്കുന്ന പ്രവണത ഈ കാര്യത്തിലും കണ്ടു വരുന്നു. നാമധേയ വിഭാഗങ്ങൾ ചെയ്യുന്നതു ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഉണ്ട്. ഭൂരഭാഗവും ചെയ്യുന്ന ഒഴുക്കിൽപെട്ടു കാര്യങ്ങൾ ചെയ്യുവാൻ താല്പര്യപ്പെടുന്നവരും ഇല്ലാതില്ല. സത്യത്തെയും അസത്യത്തെയും നീതിയെയും അനീതിയെയും തിരിച്ചു കാണാൻ കഴിയാത്തവരാണിവർ. ദൈവ ജനമായിരുന്ന ഇസ്രായേൽ ദേശം മററു ദേശങ്ങളിലേക്ക് നോക്കിയതുകൊണ്ടു അവർ ഒരു രാജാവിനെ ആവശ്യപ്പെട്ടു. അതു ദൈവത്തിനു ഇഷ്ടമല്ലായിരുന്നു. എങ്കിലും അവരുടെ നിർബന്ധം നിമിത്തം അതു അനുവദിച്ചു കൊടുത്തു.

സത്യത്തിനു വിട്ടു വീഴ്ച്ച ചെയ്യാതിരിക്കുന്ന കർത്താ

വിന്റെ സഭയെയും ഉപദേഷ്ടാക്കന്മാരെയും ആളുകൾ കുറെപ്പെടുത്തുന്നുണ്ടാകാം. സത്യ കാര്യമാകേണ്ട. ദൈവം ആരുടെ പക്ഷത്താണുള്ളതെന്നു നമുക്ക് അറിവുള്ളതാണല്ലൊ. ലോകത്തുള്ള ആളുകളുടെ ആയുധമാണ് വിട്ടുവീഴ്ച്ച. ആ വിട്ടുവീഴ്ച്ച അവർ സത്യത്തിനു എതിരായി നടത്തുന്നു. സത്യം അനുസരിച്ചവർ അവരോടു വിട്ടുവീഴ്ച്ച ചെയ്യണമെന്നു അവർ ആവശ്യപ്പെടും. എന്നാൽ അവർ എന്തുകൊണ്ടു സത്യത്തിനുവേണ്ടി സത്യം അനുസരിക്കാൻ വിട്ടുവീഴ്ച്ച കാണിക്കുന്നില്ല എന്നതാണ് വിസ്മയാവഹം. അവരുടെ ദുരഭിമാനമായിരിക്കാം അതിനു വിഘാതമായിരിക്കുന്നതു. അതെന്തായാലും സത്യത്തേക്കാൾ വിലയുള്ളതു ഈ ലോകത്തിൽ മറ്റൊന്നുമില്ല. ലോകവും ലോകത്തിലുള്ളതും താല്ക്കാലികമാണ്. പക്ഷെ ദൈവ വചനമാകുന്ന സത്യമോ എന്നേക്കും നിലനില്ക്കും. സത്യത്തിന്റെ ഉപയോഗവും അതിന്റെ ശക്തിപ്രഭാവവും തിരിച്ചറിഞ്ഞവർ മറ്റൊരു വിട്ടുവീഴ്ച്ചക്കു തുനിയുകയില്ല. പണത്തിനുവേണ്ടിയോ സ്ഥാനമാനങ്ങൾക്കു വേണ്ടിയോ ദൈവത്തിന്റെ സത്യത്തെ ആരും ബലി കഴിക്കരുത്. വിവാഹത്തിനു വേണ്ടി കർത്താവിന്റെ സഭയെയും, ആത്മാവിനേയും വിട്ടു കളയുന്നതു എത്ര ഖേദകരമാണെന്നു നാം മനസിലാക്കണം.

സഭ ഉപദേഷ്ടാക്കന്മാർക്കുള്ളതല്ല. അവരുടെ ഇഷ്ടമനുസരിച്ച് സഭയെ പ്രചാരത്തിലെത്തിക്കുവാനോ അവരുടെ സ്വാധീനത്തിനൊത്തവണ്ണം പുതിയ പരിശീലനങ്ങൾ സഭയിൽ അടിച്ചേല്പ്പിക്കാനോ പാടില്ല. ക്രിസ്തുവിന്റെ സഭക്കു അതിന്റെ ആവശ്യമില്ല. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നകന്നു ഓരോ പേരിൽ അറിയപ്പെടാൻ തുടങ്ങിയതു മുതൽ നാമധേയ വിഭാഗങ്ങളിൽ അവരുടേതായ പല കണ്ടുപിടുത്തങ്ങളും അവർ നടപ്പിലാക്കി വരുന്നുണ്ട്. ക്രിസ്തുവിന്റെ സഭയെ അവയിൽ നിന്നു വ്യത്യാസമുള്ളതാക്കി നിർത്തിയിരിക്കുന്നത് അതാണ്. സഭ ക്രിസ്തുവിന്റേതാണ്. സഭയുടെ അധികാരവും തല

യേശുക്രിസ്തുവാണ്. സഭയെ വിലെയ്ക്കു വാങ്ങിയ ത് കർത്താവാണ് (മത്തായി 16:18; പ്രവൃത്തി 20:28; എഫെസ്യർ 1:22-23). സഭ പണിയുവാൻ യത്നിച്ചതു ക്രിസ്തുവാണ്. ആകയാൽ ക്രിസ്തുവിന്റെ ഉപദേശത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള വചനത്തിലെ പ്രബോധനവും പരിശീലനവും ആണ് സഭ എടുക്കേണ്ടത്. എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ചിന്തിക്കരുത് (1 കൊരിന്ത്യർ 4:6). സഭയെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിയുന്ന കർത്താവിനാണ് സഭയുടെ പ്രവർത്തനം എങ്ങനെ നടത്തണമെന്നു പറയുവാനുള്ള അധികാരം. മനുഷ്യർക്ക് നല്ലതെന്നു തോന്നുന്നതു ദൈവത്തിനു തോന്നണമോ? ഒരു മനുഷ്യനു ഒന്നു ചൊവ്വായി തോന്നും. പക്ഷെ അതിന്റെ അന്തമോ നാശമത്രെ എന്നു തിരുവെഴുത്തു സൂചിപ്പിക്കുന്നു. അതു ഇക്കൂട്ടർ മറന്നു കളയുന്നു.

ഇങ്ങനെ ബൈബിളിനു അന്യമായ കാര്യങ്ങൾ ചെയ്യുന്നവർ പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള ഒഴിവു കഴിവുകളാണ് ''ബൈബിളിൽ അങ്ങനെ ചെയ്യരുതെന്നു പറഞ്ഞിട്ടില്ലല്ലൊ'' എന്നതു. തെറ്റായ കാര്യങ്ങൾ ചെയ്യുന്നതിനെ ന്യായീകരിക്കാൻ ആളുകൾ ഈ വിധത്തിലുള്ള ഒഴിവുകഴിവുകൾ നിരത്തും. ഉദാഹരണങ്ങൾ പലതും അവരിൽ നിന്നു കേൾക്കാം. ''സ്നാനം കഴിക്കുമ്പോൾ കയ്യടിക്കരുതെന്നു പറഞ്ഞിട്ടില്ലല്ലൊ'' ഒരു പ്രസംഗം കഴിയുമ്പോൾ കയ്യടിച്ചു സ്തോത്രസാഹിപ്പിക്കരുതെന്നു പറഞ്ഞിട്ടില്ലല്ലൊ ആരാധനയിൽ വാദ്യം ഉപയോഗിക്കരുതെന്നു പറഞ്ഞിട്ടില്ലല്ലൊ എന്നു തുടങ്ങി അനേകം മറുചോദ്യങ്ങൾ ചോദിക്കുന്നവർ ഉണ്ടാകാം. പക്ഷെ ഏതു കാര്യത്തിലും നാം അനുകരിക്കേണ്ട നയം എന്തായിരിക്കണം. നമ്മുടെ ബുദ്ധിയേക്കാൾ കവിയുന്ന ഒന്നാണല്ലൊ ദൈവത്തിന്റേത്. ആകയാൽ വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു കർത്താവായ യേശുക്രിസ്തുവിന്റെ അധികാരത്തിൽ ചെയ്വിൻ (കൊലൊസ്സ്യർ 3:17).

★

# നീങ്ങൾ നീങ്ങളുടെ കടമ ചെയ്യുന്നുവോ?

## W. A. ഫോരളെ

നല്ലൊരു ഭരണ തന്ത്രജ്ഞനായിരുന്നു ശലോമോൻ. അവനു കിട്ടിയ ജ്ഞാനം ദൈവത്തിന്റേതായിരുന്നു. തന്റെ കടമ ഉത്തരവാദിത്വത്തോടെ അവൻ നിർവ്വഹിക്കുകയും മററുള്ളവരെ ഓരോ ജോലി ഏല്പിക്കുന്നതും ആ വിധത്തിൽ തന്നെയായിരുന്നു. വിവിധ ജോലികൾ ചെയ്യുവാൻ അവൻ ആളുകളെ തിരഞ്ഞെടുക്കുന്നുമുണ്ട്. ഓരോ ദിവസവും നിർവ്വഹിക്കേണ്ട ജോലിയുമുണ്ടായിരുന്നു (2 ദിനവൃത്താന്തം 8:14).

ദൈവ മഹത്വം വർദ്ധിപ്പിക്കേണ്ടതിനു വേണ്ടിയാണ് കടമകൾ എല്ലാം വെച്ചിരിക്കുന്നത്. ആകയാൽ നാം എന്തു തിന്നാലും കുടിച്ചാലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക (1 കൊരിന്ത്യർ 10:31). പുകഴ്ച്ച കൊടുക്കേണ്ടതു ദൈവത്തിനായിരിക്കണം. അതുകൊണ്ടു തെററു ചെയ്യുവാൻ മടിക്കും. പാപം ഒന്നും ഒരിക്കലും ദൈവത്തിനു പുകഴ്ച്ചയോ മഹത്വമോ കൊടുക്കുന്നില്ല. പിന്നെയോ അതു ദൈവത്തെ ദുഃഖിപ്പിക്കയും കോപിപ്പിക്കയും ചെയ്യും.

എന്റേയും നിങ്ങളുടേയും രക്ഷിതാവായ യേശുക്രിസ്തു പറഞ്ഞു: ''നിങ്ങളും അങ്ങനെ നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം, ഞങ്ങളോ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടതു മാത്രമെ ഞങ്ങൾ ചെയ്തിട്ടുള്ളു എന്നു പറവിൻ''. അതിന്റെ അർത്ഥം എന്തെന്നാൽ പ്രവർത്തികൾ ചെയ്തിട്ടു അതിൽ നിന്നു പുകഴ്ച്ച പ്രതീക്ഷിക്കരുത് എന്നതാണ്. നമ്മിൽ അതിനു യാതൊരു യോഗ്യതയുമില്ല എന്നതാണു കാരണം. നമുക്കു പ്രശംസിപ്പാൻ നമ്മിൽ ഒന്നുമില്ല.

നമുക്കു കടമ ചെയ്യുവാനുള്ള കടപ്പാടാണുള്ളത്. ഏതൊരു പ്രവൃത്തിയും ചെയ്യുന്നതിനു മുൻപ് മനുഷ്യ മനസിൽ ആദ്യം വരേണ്ടതു ഈ ബോധ്യമാണ്, നല്കപ്പെട്ട അവസരവും ഗതിയും അവയുടെ കാരണവും ഫലവും തിരിച്ചറിഞ്ഞുവേണം നാം പ്രവർത്തിക്കുവാൻ. നമുക്കു കടപ്പാടുള്ളത് ആരോടാണെന്നു നാം മനസിലാക്കണം. ദൈവത്തോടുള്ള കടപ്പാടു തിരിച്ചറിയാത്തതുകൊണ്ടാണ് പലതും ദൈവ കല്പനകൾ പ്രമാണിക്കാത്തത്.

ഒരാളുടെ ബന്ധങ്ങളുടെ പ്രത്യേകതയനുസരിച്ചു കടമകളെ തരംതിരിക്കാവുന്നതാണ്. കടമകൾ ഉൾപ്പെടുന്ന ബന്ധങ്ങളിൽ ചിലതു നമുക്കു നാമകരണം ചെയ്യാം. താഴെ പറയുന്ന കാര്യങ്ങളെ മനസിലാക്കുവാൻ ശ്രമിക്കുക.

1 നിങ്ങൾക്കു നിങ്ങളോടു തന്നെ ഒരു കടമയുണ്ട്. നിങ്ങൾ നിങ്ങളോടു സത്യസന്ധനാണോ ? നിങ്ങൾക്ക് കഴിവുള്ള കാര്യങ്ങൾ നിങ്ങൾ ഏററവും നന്നായി ചെയ്യുന്നുണ്ടോ ? നിങ്ങൾ വിചാരിച്ചാൽ വാസ്തവത്തിൽ അതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുകയില്ലേ ? നിങ്ങളെ നശിപ്പിക്കുന്ന രീതിയിൽ നിങ്ങളുടെ സ്വഭാവവും പ്രവൃത്തിയും നിങ്ങൾ പരിശീലിക്കാറുണ്ടോ ? ഉദാഹരണമായി പറവാൻ പലതുണ്ട്. അവയിൽ ചിലത് മദ്യപാനം, വ്യഭിചാരം, കുലപാതകം, മോഷണം, മയക്കുമരുന്നു തുടങ്ങിയവയാണ്. ഇവയെല്ലാം ഒരാൾ തന്നെ നശിപ്പിക്കുന്ന പ്രവൃത്തിയാണ്. മനുഷ്യന്റെ നന്മക്കുവേണ്ടിയാണ് വേദപുസ്തകത്തിൽ ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നതെല്ലാം (പുറപ്പാട് 20-ാം അദ്ധ്യായം; റോമർ 13:9-11)

2 നിങ്ങൾക്കു നിങ്ങളുടെ ഭവനത്തോടു ഒരു കടമയുണ്ട്. ''ഇതു നിമിത്തം വിവാഹത്താൽ പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പററിച്ചേരും. അവർ ഇരുവരും ഒരു ദേഹമായി തീരും (മത്തായി 19:5; മർക്കൊസ് 10:6-7). നമ്മൾ സമ്മതിക്കാൻ ഇഷ്ട

പ്പെട്ടാലും ഇല്ലെങ്കിലും ഒരു വലിയ മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനം തന്നെ കുടുംബമാണ്. ഇന്നു കുടുംബങ്ങടെ ദൈവ ഭക്തിയില്ലാത്ത, ദൈവത്തിനു സ്ഥാനമില്ലാത്ത വെറും മാനുഷിക ശക്തിയാൽ രൂപപ്പെടുത്തുന്നവരായി മാറിയിരിക്കയാണ്. അതൊരു വലിയ തരം താഴ്ച്ചയാണെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. അപ്പനും അമ്മയും ഇല്ലാതെ വളരുന്ന കുട്ടികളെയും അവരുടെ ജീവിത ശൈലിയേയും പരിശോധിച്ചാൽ നമുക്കതു വ്യക്തമാകും. ദിശാബോധമോ ലക്ഷ്യമോ ഇല്ലാതെ പ്രവർത്തിക്കുന്ന വ്യക്തികളെ സമൂഹത്തിൽ വളർത്തുന്നതു ശാപമാണ്. ബാല്യത്തിൽ തന്നെ മാതാപിതാക്കൾ കുട്ടികൾക്ക് വേണ്ട ഗുണപാഠങ്ങളും നീതിവഴികളും പറഞ്ഞുകൊടുക്കണം (സദൃശവാക്യങ്ങൾ 12:24; 19:18; 22:6; എഫെസ്യർ 6:1-4; കൊലൊസ്സ്യർ 3:20-21).

കർത്താവിന്റെ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും കുട്ടികൾ നടക്കേണ്ട വഴി അവരെ അഭ്യസിപ്പിക്കണം. യേശുക്രിസ്തുവിനെ എടുത്താൽ അവൻ ജനിച്ചു വളർന്നതു ഒരു തച്ചന്റെ അഥവാ ആശാരിയുടെ ഭവനത്തിലായിരുന്നു (മത്തായി 13:55; മർക്കൊസ് 6:3; പ്രവൃത്തി 18:3). പൌലൊസ് വളർന്നതു കൂടാരപ്പണിക്കാരുടെ ഭവനത്തിലായിരുന്നു. ഒന്നും ചെയ്യാനില്ലാത്ത അവസ്ഥ ആർക്കും ഉണ്ടാകരുത്. പ്രത്യേകിച്ചു വളർന്നു വരുന്ന കുട്ടികൾക്ക്. അലസന്റെ മനസ്സ് പിശാചിന്റെ പണിശാലയാണെന്നു പറഞ്ഞു കേട്ടിട്ടില്ലേ ?

3. നിങ്ങൾക്കു നിങ്ങളുടെ ദേശത്തോടു ഒരു കടമയുണ്ട്. "സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു വെച്ചു രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യ

രുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും, സ്വാതന്ത്ര്യം ദുഷ്ടതെക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരെയും ബഹുമാനിപ്പിൻ" (1 പത്രൊസ് 2:13-17)

ഒരു ദേശത്തെ നശിപ്പിക്കാനുള്ള ഏററവും വേഗത്തിലുള്ള വഴി ഭരണ കർത്താക്കളിലുള്ള വിശ്വാസം ഇല്ലാതാക്കുകയാണ്. നേതാക്കന്മാരിലുള്ള വിശ്വാസം ഇല്ലാതായാൽ ജനങ്ങൾ ഇളകി മറിയും. നേതാക്കന്മാരെ അവർ അനുസരിക്കാതിരിക്കും. ദൈവ നിയമങ്ങൾക്കു വിധേയപ്പെടുന്ന ദേശത്തിനു കുഴപ്പമില്ല. അല്ലാത്ത ദേശത്തു എല്ലാം കുഴപ്പങ്ങൾ തന്നെ. ന്യായാധിപന്മാരുടെ കാലത്തു നടന്ന സംഭവങ്ങൾ ഇതു സ്ഥിരീകരിക്കുന്നു. ഇടയനില്ലാത്ത ആടുകൾ ചിതറിപ്പോകും; അവർക്കു തോന്നിയ ദിക്കിലേക്കു പോകും. അതുപോലെയാണ് ജനങ്ങളും. രാജാവോ നടത്തിപ്പുകാരനോ ഇല്ലെങ്കിൽ ആളുകൾ തങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യും; തരം കിട്ടുന്നേടത്തു പാർക്കുകയും ചെയ്യും. ക്രമമില്ലാത്ത ജീവിതം നയിക്കുന്നതിന്റെ ഒരു കാരണം അതായിരുന്നു (ന്യായാധിപന്മാർ 17:6-8; 1:9 ആവർത്തനപുസ്തകം 12:8). പൂർണ്ണാധികാരിയെ മാനിക്കയോ അനുസരിക്കയോ ചെയ്യാതെ ജീവിക്കുന്ന ആളുകൾക്കു അയ്യോ കഷ്ടം എന്നല്ലാതെ എന്തു പറയാൻ ? (മത്തായി 28:18; കൊലൊസ്സ്യർ 3:16-17). ഇന്നു ദൈവം തന്റെ ഭരണം നടത്തുന്നത് അവന്റെ വചനം മുഖാന്തരം ആകുന്നു (റോമർ 1:16; എബ്രായർ 1:1-2; പ്രവൃത്തി 2:36-38).

4 കർത്താവിന്റെ സഭയോടു നിങ്ങൾക്കു ഒരു കടമയുണ്ട്. നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയോടു നിങ്ങൾ ബന്ധം പുലർത്തണം. നിങ്ങൾക്കു സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചില്ലെങ്കിൽ, രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, സഭ നിങ്ങളെ അതിനു സഹായിക്കും (1 തിമൊഥെയൊസ് 2:4).

★

# ക്രിസ്തീയ ജീവിതവും പ്രാർത്ഥനയും

Y. പുഷ്പം മൈലക്കാട്

പ്രാർത്ഥിക്കുന്നവനാണ് മനുഷ്യൻ. മനുഷ്യ വർഗ്ഗം പ്രാർത്ഥനാ ചൈതന്യം ഉള്ളവരാണ്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം നിസീമമാണ്. എന്താണ് പ്രാർത്ഥന? എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? യേശുവിലൂടെ, പ്രവാചകന്മാരിലൂടെ ദൈവം അതിനുള്ള മറുപടി നമുക്ക് തരുന്നു. തിരുവചനങ്ങളുടെ അടിസ്ഥാനത്തിൽ പ്രാർത്ഥനയെ കുറിച്ച് ഹ്രസ്വമായി വിചിന്തനം ചെയ്യാൻ ശ്രമിക്കാം.

എന്താണ് പ്രാർത്ഥന: ശിഷ്യൻമാർ യേശുവിനോട് അപേക്ഷിക്കുന്നു. യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതു പോലെ ഞങ്ങളേയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്ന്. യേശു അവരെ മനോഹരമായ പ്രാർത്ഥന പഠിപ്പിക്കുന്നു (മത്തായി 6:9-14). ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... ഈ പ്രാർത്ഥനയിൽ ദൈവത്തെ "പിതാവ്'' എന്ന് സംബോധന ചെയ്യുന്നു. അതെ, ദൈവം നമ്മുടെ പിതാവും നാം അവിടത്തെ മക്കളുമാണ്. പ്രസ്തുത കർത്തൃ പ്രാർത്ഥനയിൽ സ്തുതി, യാചന, നന്ദി തുടങ്ങി എല്ലാ ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. മത്തായിയുടെ സുവിശേഷം 6-ാം അദ്ധ്യായം 5 മുതൽ 9 വരെ വാക്യങ്ങളിൽ, നാം എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് പഠിപ്പിക്കുന്നു. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപട ഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിനു പള്ളികളിലും തെരുവീഥികളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. നീയോ പ്രാ

ർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. പ്രാർത്ഥനയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത് അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നാണല്ലോ അവർക്ക് തോന്നുന്നത്. അവരോട് തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലൊ (മത്തായി 6:5-9). ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാററിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോട് കൂടെ ദൈവത്തെ അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പ്യർ 4:6-7). ആയതിനാൽ സങ്കീർത്തകനോടൊപ്പം നമുക്കും പാടാം. ''കർത്താവ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല'' (സങ്കീർത്തനം 23:3).

നമുക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. പ്രാർത്ഥിക്കാൻ അവകാശവും ഉണ്ട്. കാരണം, ദൈവം യിരമ്മ്യാ പ്രവാചകനിലൂടെ നമ്മോട് പറയുന്നു: ''എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും'' എന്ന് (യിരമ്മ്യാ 33:3). അതുകൊണ്ട് ''നാം എപ്പോഴും സന്തോഷത്തോടെ ഇരിക്കണം'' (1 തെസ 5:16). ക്രിസ്തുവിനെ കർത്താവായി നമ്മുടെ ഹൃദയത്തിൽ നാം സൂക്ഷിക്കണം (1 പത്രോ 3:15). വീണ്ടും വചനം പറയുന്നു ''വിശ്വസിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ 21:22). മാത്രമല്ല കിട്ടിയ ദൈവാനുഗ്രഹങ്ങൾക്ക് നാം നന്ദിയുള്ളവരായിരിക്കണം (1 തെസ 5:18). എപ്പോഴൊക്കെ നാം പ്രാർത്ഥിക്കണം? നമ്മുടെ രോഗാവസ്ഥയിലും, അല്ലാത്ത സമയത്തും ഉദാസീനരാകാതെ കർത്താ

വിനോട് പ്രാർത്ഥിക്കുക. അവിടന്ന് നിന്നെ സുഖപ്പെടുത്തും (സദൃശ 38:9). എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ (ലൂക്കോ 22:42) എന്ന് പ്രാർത്ഥിക്കണം. ''കർത്താവിൽ ആശ്രയിക്കുന്നവനെ അവിടത്തെ സ്നേഹം വലയം ചെയ്യുമെന്ന്'' സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീർത്തനം 32:10). മാത്രമോ ''കർത്താവിനോടുള്ള ഭക്തി വിജ്ഞാനത്തിന്റെ പൂർണ്ണതയുമാണ്'' (സദൃശവാക്യങ്ങൾ 1:16). ആയതിനാൽ നാം പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കണം (ലൂക്കോസ് 21:30). നാം എങ്ങനെയാണ് ആരാധനയർപ്പിക്കേണ്ടത്. ഭയഭക്ത്യാദരങ്ങളോടെ സമർപ്പിക്കണം (എബ്രായർ 12:28). അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ മോചിപ്പിക്കും (സങ്കീർത്തനങ്ങൾ 50:51). നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കാൻ യേശു പറഞ്ഞ ഉപമ അറിയില്ലേ (ലൂക്കോസ് 18:2-8)

ഇവിടെ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ ശങ്കിക്കുകയോ ചെയ്യാത്ത ന്യായാധിപൻ; തന്നെ നീതി നടത്തിക്കിട്ടുന്നതിന് വേണ്ടി നിരന്തരം ശല്യപ്പെടുത്തുന്ന വിധവയ്ക്ക് ന്യായം നടത്തിക്കൊടുക്കാൻ തീരുമാനിക്കുന്നു. അധാർമികനായ ആ ന്യായാധിപൻ അങ്ങനെ ചെയ്തെങ്കിൽ ''തന്നോട് രാപകൽ നിലവിളിക്കുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവരോട് ദൈവം നീതി ചെയ്കയില്ലേ? (ലൂക്കോസ് 18:7-8) എന്ന് യേശുക്രിസ്തു ചോദിക്കുന്നു. ആത്മപ്രശംസ നടത്തുന്നതും മറ്റുള്ളവരെ നിന്ദിക്കുന്നതും ശരിയല്ല. പരീശനും ചുങ്കക്കാരനും പ്രാർത്ഥിക്കാൻ പോയ ഉപമ യേശു പറഞ്ഞത് ഇങ്ങനെയുള്ളവർക്ക് വേണ്ടിയാണ് (ലൂക്കോസ് 18:10-14). [illegible] വേദഭാഗം വായിക്കുക. അവൻ ഗത്സമനയിൽ പ്രാർത്ഥിച്ചത് (ലൂക്കോസ് 22:32).

★

# ബർശബ്ബായും ഒരു വലിയ മനുഷ്യനായിരുന്നു

**നീൽ പൊള്ളാർഡ്**

പാപം ഒരു വ്യക്തിയെ എവിടെ എത്തിക്കുന്നു എന്നതു നമ്മെ ഓർമ്മിപ്പിക്കുന്ന സംഭവമാണ് യൂദയുടേത്. ദൈവത്തിന്റെ കൃപയെ അവൻ വ്യർത്ഥമാക്കി കളഞ്ഞു. അവൻ തന്റെ ജീവനെ മനഃപൂർവ്വം ഇല്ലാതാക്കി. ദൈവ പുത്രനായ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവനും തിരഞ്ഞെടുക്കപ്പെട്ടവനുമായിരുന്നു അവൻ. പക്ഷെ അവൻ തിരഞ്ഞെടുത്തതോ സർവ്വനാശ സൈന്യത്തോടു ചേർന്നു പ്രവർത്തിക്കുന്ന ദൗത്യമായിരുന്നു. അവനു ലഭിച്ച അവസരവും പദവിയും അവൻ തള്ളിക്കളഞ്ഞു. അതിനു ഒരിക്കലും ആർക്കും ദൈവത്തെ പഴിക്കാൻ സാദ്ധ്യമല്ല.

യേശുക്രിസ്തു ലോകത്തിൽ നിന്നു വിളിച്ചു വേർതിരിച്ചെടുത്ത ചുരുക്കം പേർക്ക് അവൻ തന്റെ ഉപദേശത്തെ നല്കി; അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള അധികാരവും കൊടുത്തു. യേശുക്രിസ്തുവിനെ അനുഗമിച്ച വിരലിലെണ്ണാവുന്ന അപ്പൊസ്തലന്മാരിൽ ഒരാളുടെ മരണം അവർക്കിടയിൽ ഒരു ഒഴിവുണ്ടാക്കിയിരുന്നു (പ്രവൃത്തി 1:20). കർത്താവിന്റെ സൈന്യത്തിൽ നിന്നും ജീവിതത്തിൽ നിന്നു തന്നെയും ഒളിച്ചോടിയ യൂദയാണ് ഒരു ഒഴിവുണ്ടാക്കി വെച്ചിരിക്കുന്നത്. അപ്പൊസ്തലന്മാരിൽ ശേഷിച്ച പതിനൊന്നുപേർ ചേർന്നു ദൈവികമായി തന്നെ പകരം മറ്റൊരാളെ തിരഞ്ഞെടുത്തു. അവനായിരുന്നു മത്ഥിയാസ്.

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# യാത്ര

**മനു വാകത്താനം**

ജീവിത പ്രയാണം ജീവന്റെ പ്രവാഹം
ജീവന്റെ ആദിബിന്ദുവിൽ ഭവിച്ചു
ഭാവപ്പകർച്ചകളിലൂടെയീ യാത്ര

ഭാരതഭൂവിൽ ഞാനാവിർഭവിക്കുമ്പോൾ
ബെത്‌ലഹേം പൂകിയൊരു പുണ്യാത്മാവേ,
നിന്നാത്മസ്രോതസ്സിൽ നിന്നുരുൾപൊട്ടിയ
സാക്ഷ്യപ്പെടാൻ മുത്തുകളുമായ് പ്രയാണം.

നിരന്തരമസ്വാസ്ഥ്യങ്ങളുണർത്തിയ
നിർനിദ്ര നിശീഥങ്ങൾ സാക്ഷിനില്ക്കവേ,
അദ്ധ്യാത്മ ചൈതന്യ ലബ്ധിയ്ക്കായ് സത്യ-
വേദത്തിലൂടെയെൻ തീർത്ഥയാത്രകൾ

വേദത്തിൽ മുങ്ങിത്തപ്പിയെടുത്തൊരാ
ചൈതന്യ വചസ്സുമായ് ധന്യയാത്രേ
അന്തരിന്ദ്രിയദാഹം തേങ്ങുന്നനുസ്യൂതം
“പോകൂ—നീവേഗം ഭൂഖണ്ഡങ്ങളിലൂടെ
തിരിനാളം നീയും മങ്ങാതൊളിവീശി
അന്ത്യമാം പ്രഭാപൂരത്തിലലിയണം”.

★

# മൂപ്പന്മാരെ കൂടാതെയുള്ള സഭ

## ഗ്ലെൻ കോളെ

അപ്പൊസ്തലനായ പൌലൊസ് തീത്തൊസിനു ലേഖനമെഴുതുമ്പോൾ കൊടുത്ത നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. ''ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു. ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നേ'' (തീത്തൊസ് 1:5).

ഈ വാക്യത്തിൽ നിന്നും താഴെ കൊടുത്തിട്ടുള്ള കാര്യങ്ങൾ നിരീക്ഷിക്കാവുന്നതാണ്.

1 ഈ നിർദ്ദേശം അപ്പൊസ്തലനായിരുന്ന ഒരു വ്യക്തിയാണ് തീത്തൊസിനു നല്കുന്നത്: അതു വെറും ഉദാസീനതയോടെ കരുതേണ്ടതിന്നു കൊടുത്തതല്ല. പിന്നെയോ ഗൗരവമായി ചെയ്തു തീർക്കേണ്ടതിനുള്ള ഒരു കല്പനയായിരുന്നു അത്. സഭകളിൽ മൂപ്പന്മാരെ നിയമിക്കുക എന്നതു ദൈവഹിതമായിരുന്നു.

2 കർത്താവിന്റെ സഭകൾ നിലവിലുണ്ടായിരുന്ന ഓരോ പട്ടണത്തിലും മൂപ്പന്മാരെ നിയമിക്കണമായിരുന്നു. ഓരോ പ്രാദേശിക സഭയിലും മൂപ്പന്മാർ ഉണ്ടാകണം എന്നതാണ് ദൈവേഷ്ടം. എന്നു മറ്റൊരു ഭാഗത്തു നാം വായിക്കുന്നുണ്ട്. അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടു തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭരമേല്പിക്കയും ചെയ്തു (പ്രവൃത്തി 14:23).

മുകളിൽ പ്രസ്താവിച്ചതനുസരിച്ചു മൂപ്പന്മാർ ഉണ്ടാകുന്നതിനു മുൻപ് സഭകൾ ഉണ്ടായിരുന്നു എന്നു വ്യക്തം. മൂപ്പന്മാരെ കൂടാതെ കർത്താവിന്റെ സഭകൾ പ്രവർത്തിച്ചിരുന്നു. അതുകൊണ്ട് ഇന്നും അങ്ങനെ പ്രവർത്തി

ക്കുന്നതിൽ തെററില്ല. അവർ ആഴ്ച്ചതോറും കൂടി വരികയും ദൈവത്തെ ആരാധിക്കയും സുവിശേഷ പ്രവർത്തനം നടത്തുകയും ചെയ്യും. ക്രിസ്തുവിന്റെ സഭക്കു അത്തരം മാതൃക വചനത്തിൽ നാം കാണുന്നുണ്ട്.

3 ക്രേത്തയിലുണ്ടായിരുന്ന സഭകളിൽ ആവശ്യത്തിനു വേണ്ട കാര്യങ്ങളിൽ കുറവുള്ളതായി കാണപ്പെട്ടിരുന്നു അതു മൂപ്പന്മാരില്ലാത്ത കുറവായിരുന്നു. ദൈവം സഭയെ നോക്കുമ്പോൾ അതിൽ അദ്ധ്യക്ഷന്മാർ ഇല്ലെങ്കിൽ ആ സഭ അതിനായി ദാഹിക്കുന്നതുപോലെ കാംക്ഷിക്കുന്നു. മൂപ്പന്മാരില്ലാതെയിരിക്കാൻ ആഗ്രഹിക്കുന്നു എന്ന കാരണത്താൽ സഭയിൽ അവരെ നിയമിക്കാതിരിക്കുന്നതു ശരിയല്ല. അവർ ഓരോരുത്തരും മൂപ്പന്മാർ ഉണ്ടാകുന്നതിനും നിയമിക്കപ്പെടുന്നതിനും വേണ്ടി ആഗ്രഹിക്കുകയും ഉത്സാഹിക്കുകയും വേണം.

മൂപ്പന്മാരില്ലാതെ തന്നെ സഭ നിലനില്ക്കുന്നു എന്നതു അസാധാരണമായ ഒന്നല്ല. അതിനു പല കാരണങ്ങൾ ഉണ്ടാകാം. ഏററവും വ്യക്തവും സ്വീകാര്യവുമായ കാരണം എന്തെന്നാൽ ആ സഭയിൽ നിശ്ചിത യോഗ്യതയുള്ള പുരുഷന്മാർ ഇല്ല എന്നതാണ്. ഈ സാഹചര്യത്തിൽ അവിടെ മൂപ്പന്മാരില്ലാത്തതിനാൽ അവരെ കുററപ്പെടുത്താനാവില്ല. തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ ഇല്ലാത്തവരെ മൂപ്പന്മാരായി നിയമിച്ചാൽ ആ സഭ ചെയ്യുന്നതു പാപമാണ് (1 തിമൊഥെയോസ് 3:1-7; തീത്തോസ് 1:6-9). അയോഗ്യതയുള്ളവരെ മൂപ്പന്മാരായി നിയമിക്കാൻ അവർക്കു അവകാശമില്ല. ആ യോഗ്യതകൾ എല്ലാം മനസിലാക്കിയാൽ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പരിജ്ഞാനം അയോഗ്യരായ ആളുകൾക്കുണ്ടാകയില്ല. യോഗ്യതയുള്ളവർ ചെയ്യേണ്ട ജോലി അയോഗ്യരെ ഏല്പിച്ചാൽ അവർക്കതു കാര്യക്ഷമമായി ചെയ്യാൻ സാദ്ധ്യമല്ല. എത്രയോ സഭകളിൽ പുതിയ ശിഷ്യന്മാരെയും ഉപദേശിപ്പാൻ സാമർത്ഥ്യമില്ലാത്തവരേയും അതിഥി പ്രിയ

രല്ലാത്തവരേയും അദ്ധ്യക്ഷന്മാരായി നിയമിച്ചു കഷ്ട പ്പെടുകയാണ്. നാമധേയ വിഭാഗങ്ങളിൽ അവർക്കു ബൈബിൾ മാനദണ്ഡമേയില്ല എന്നതാണ് പരിതാപകരം.

ഈ വസ്തുതയെ കുറിച്ചു ആഹ്വാനം ചെയ്യേണ്ടതായ ഒരു പരിശീലനം എടുക്കുവാൻ തുനിയണം. നിശ്ചയിക്കപ്പെട്ട യോഗ്യതയുള്ള പുരുഷന്മാർ സഭയിൽ ഉണ്ടെങ്കിൽ അവർ തീരുമാനങ്ങൾ എടുക്കുകയും സഭയുടെ കാര്യങ്ങൾ വചനാനുസരണം നടത്തുകയും ചെയ്യും. എന്നാൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ള പുരുഷന്മാർ ഇല്ലാത്ത സഭയാണെങ്കിലോ? അവർക്കും പല കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. പ്രശ്നങ്ങൾ കാണാം. ഇതെല്ലാം മൂപ്പന്മാർ ഇല്ലെങ്കിൽ എങ്ങനെ നിറവേററും? അതും ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടു തന്നെ ചെയ്യുകയും വേണം. അവർക്കു ഒരു സമയം നിശ്ചയിച്ചു പുരുഷന്മാർക്കെല്ലാവർക്കും ഒത്തു ചേർന്നു സഭാ പ്രവർത്തനങ്ങളെ വിശദമായി ചർച്ച ചെയ്തു വചനത്തിനു വിരുദ്ധമല്ലാത്ത രീതിയിൽ തീരുമാനങ്ങൾ എടുക്കാം. പക്ഷെ അന്തിമമായ അധികാരം ബൈബിളിനായിരിക്കണം എന്നു മാത്രം. ഏകമനസിലും ഏകാഭിപ്രായത്തിലും അവർക്കു യോജിച്ചു പ്രവർത്തിക്കാൻ കഴിയും. മൂപ്പന്മാർ ഉണ്ടാകുന്നതുവരെ ഈ വ്യവസ്ഥ അവർക്കു തുടരാവുന്നതാണ്. ദൈവ വചനത്തെ മറികടക്കാതെ വേണം ഇതെല്ലാം ചെയ്യുവാൻ എന്നതാണ് പ്രധാനം.

ചില സ്ഥലങ്ങളിലെ സഭകളിൽ നല്ല സഹോദരങ്ങളായി അറിയപ്പെടുന്നവർ മൂപ്പന്മാരില്ലാതിരിക്കെ വ്യത്യസ്ഥമായ നിലപാടുകൾ എടുക്കാറുണ്ട്. അതു രസകരവും ഗൗരവവുമായ ചോദ്യങ്ങളെ നേരിടേണ്ടി വരുന്നു. ചില സഭകളിൽ നേതൃത്വ കമ്മിററി, വർക്ക് കമ്മിററി അഥവാ ഫിനാൻസ് കമ്മിററി എന്നീ പേരുകളിൽ ആളുകളെ തിരഞ്ഞെടുത്ത് നിയമിക്കാറുണ്ട്. ഇതു സഭയുടെ ചുമതല മൂപ്പന്മാർക്ക് പകരം ഇവരെ ഏല്പിക്കുന്നതിനാണ്.

★

# ഏകസഭ

ബോബി കെ

തിരുവെഴുത്തിൽ വ്യക്തമാക്കിയിരിക്കുന്നതും മനുഷ്യർ തെറ്റിദ്ധരിപ്പിച്ചിരിക്കയും ചെയ്തിരിക്കുന്ന ഒന്നാണ് സഭ. ഏക രൂപത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തികളെയും സ്ഥാപനത്തെയും ബൈബിളിൽ നമുക്കു പരിചയപ്പെടാം. ക്രിസ്തുവല്ലാതെ മറ്റൊരു പ്രമാണം സഭയ്ക്ക് ഇല്ല. ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കുള്ള യാത്രക്കു ആവശ്യമായ എല്ലാം മതിയായ രൂപത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ബൈബിൾ. നിന്റെ വചനം എന്റെ കാലിനു ദീപവും പാതക്കു പ്രകാശവുമാകുന്നു'', (സങ്കീർത്തനങ്ങൾ 119:105). ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനം ഉള്ളതത്രെ (2 തിമൊഥെയൊസ് 3:16-17). മാനുഷിക ഉപദേശങ്ങളായ നിയമാവലികളും വിശ്വാസപ്രമാണങ്ങളും ദൈവം അംഗീകരിക്കയില്ല. അതുകൊണ്ടും ഭിന്നത വളരുന്നതുകൊണ്ടും അവയെല്ലാം വിട്ടുകളഞ്ഞു നാം വാശ്വസിക്കുന്നതിനും പരിശീലിക്കുന്നതിനും ബൈബിൾ മാത്രം എടുക്കാം എന്ന തീരുമാനത്തിൽ ബൈബിളിലേക്ക് മടങ്ങി വരുക.

ക്രിസ്തു എന്ന പേരല്ലാതെ സഭക്കു വേറെ പേരില്ല. ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ നല്കപ്പെട്ട മറ്റൊരു നാമവുമില്ല (പ്രവൃത്തി 4:12). മനുഷ്യരുടെ ആത്മാക്കളെ പാപത്തിൽ നിന്നു മോചിപ്പിക്കുവാൻ മറ്റാർക്കും കഴിയുകയില്ല. ദൈവ നിയമം നീതിപൂർവ്വം നിർവ്വഹിച്ച യേശുവിന്റെ യാഗമാണ് അതിനാധാരമായി തീർന്നത്. ക്രിസ്തുവിന്റെ നാമത്തിലാണ് നാം ദൈവത്തെ മ

ഹതപ്പെടുത്തേണ്ടത്. നാം പിതാവിനോടു പ്രാർത്ഥിക്കേണ്ടത് കർത്താവിന്റെ നാമത്തിലാണ്. കർത്താവിന്റെ ശിഷ്യന്മാരെ അവന്റെ നാമത്തോടു കൂടിയാണ് ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്. നാം വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിലാണ് ചെയ്യേണ്ടത് (പ്രവൃത്തി 11:26; കൊലൊസ്സ്യർ 3:17). നാം അവന്റെ നാമം എടുക്കുമ്പോൾ അവനെ ആദരിക്കുകയാണ് ചെയ്യുന്നത്. അവന്റെ നാമം എടുക്കാത്തവർ അവനെ അനാദരിക്കയാണ് ചെയ്യുന്നത്. മനുഷ്യനാമങ്ങൾ വിഭജനമാണ് പുറപ്പെടുവിക്കുന്നത്. ക്രിസ്തുവിന്റെ നാമത്തോടു സാമ്യപ്പെടുത്താവുന്ന മറ്റൊരു നാമമില്ല. ലോകരക്ഷിതാവായ ക്രിസ്തു ഒന്നുമാത്രമാണ്. ദൈവത്തിനും മനുഷ്യർക്കും ഒരേ ഒരു മദ്ധ്യസ്ഥനാണ് നമുക്കുള്ളത്.

ക്രിസ്തുവല്ലാതെ സഭയ്ക്കു മറ്റൊരു അടിസ്ഥാനമോ തലയോ നിർമ്മാതാവോ ഇല്ല. സഭ പണിയുമെന്നു വാഗ്ദാനം ചെയ്തതും മററാരുമല്ല (മത്തായി 16:18). സഭയ്ക്കുവേണ്ടി മരിക്കയും തന്റെ രക്തം കൊടുത്തു സമ്പാദിക്കയും ചെയ്തതാണ് ഈ സഭ (പ്രവൃത്തി 20:28). അവൻ തന്നെത്താൻ സഭയ്ക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫെസ്യർ 5:25). ഭൗതിക ശരീരത്തെ തല നിയന്ത്രിക്കുന്നതുപോലെ ആത്മീയ ശരീരമാകുന്ന അവന്റെ സഭയെ ക്രിസ്തുവാണ് നിയന്ത്രിക്കുന്നത് (കൊലൊസ്സ്യർ 1:18) അവൻ തന്നെയാണ് സഭയുടെ അടിസ്ഥാനമായിരിക്കുന്നത്. മനുഷ്യർ തള്ളിക്കളഞ്ഞെങ്കിലും ദൈവം അവനെ മൂലക്കല്ലായിവെച്ചു. സഭ എന്ന കെട്ടിടത്തിനു അടിസ്ഥാനം ഉറപ്പിച്ചു. അപ്പൊസ്തലന്മാരെ പ്രാരംഭഘട്ടത്തിൽ നിയോഗിച്ച് പണി ഉറപ്പിക്കുന്നുണ്ട്. ആ ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിയുകയില്ല (1 കൊരിന്ത്യർ 3:11). മനുഷ്യർ മറ്റേതു അടിസ്ഥാനമിട്ടു സഭ കെട്ടിപ്പൊക്കാൻ ശ്രമിച്ചാലും അതു നില

നില്ക്കുകയില്ല. ഉറപ്പുള്ള അടിസ്ഥാനം ഒന്നുമാത്രമാണ്; ആ തത്വം ഇന്നു മതവിഭാഗങ്ങൾ മറക്കുന്നു. ഫലമോ ഭിന്നതകൾ ഉടലെടുക്കുന്നു. സഭയുടെ രക്ഷിതാവാണ് ക്രിസ്തു. വീണ്ടെടുക്കുവാനും രക്ഷിപ്പാനും സഭയിലേക്കു ചേർക്കുവാനും അധികാരം ക്രിസ്തുവിന് മാത്രമുള്ളതാണ്. ഇതിൽ നിന്നു വ്യത്യസ്ഥമായി പ്രവർത്തിക്കുന്നത് ദൈവഹിതമല്ല. ക്രിസ്തുവിന്റെ സർവ്വസമ്പൂർണ്ണതയാണ് സഭ. സകല ആത്മിയാനുഗ്രഹങ്ങളും വസിക്കുന്നത് സഭയിലാണ് (എഫെസ്യർ 1:22-23; പ്രവൃത്തി 2:47).

സഭ ക്രിസ്തുവിനെ ആദരിക്കുകയും അവന്റെ ഉപദേശത്തിൽ നിലനിന്നു ദൈവേഷ്ട പ്രകാരം അവനെ ആരാധിക്കുകയും ചെയ്യും. സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കും. ഒരു ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്നതു പോലെ തന്നെയാണ് സഭയും ചെയ്യേണ്ടത്. ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹന്നാൻ 4:24). ദൈവം നമ്മുടെ ആരാധന സ്വീകരിക്കണമെങ്കിൽ ദൈവഹിതം മാനിച്ചുവേണം നമസ്ക്കരിക്കുവാൻ. പലരും വൃഥാ ദൈവത്തെ ഭജിക്കുന്നുണ്ട്. അതു മനുഷ്യരുടെ പ്രമാണങ്ങളെ അനുസരിച്ചുകൊണ്ട് കുർബ്ബാന, പൂജ എന്ന പേരിൽ നടത്തുന്നതുകൊണ്ടാണ്. തെറ്റായ കാര്യങ്ങൾ മനുഷ്യരെ പഠിപ്പിച്ചുകൊണ്ടു ദൈവത്തെ ആരാധിച്ചാലും ദൈവം അതിൽ സംപ്രീതനാവുകയില്ല. അജ്ഞത മൂലം ദൈവത്തെ ആരാധിക്കുന്നവരുണ്ട്. അതും വെറുതെയാണ്. ശരിയായ അറിവോടെവേണം ദൈവത്തെ പ്രസാദിപ്പിക്കുവാൻ. പരിജ്ഞാനപ്രകാരം ഉള്ള നമസ്ക്കാരമാണ് സ്വീകാര്യമായത്. ഫലം ലഭിക്കാത്ത പ്രവർത്തികൾ ചെയ്തു സമയം പാഴാക്കരുത്. നിർമ്മല കന്യകയെപോലെ സഭ വിശുദ്ധിയും ലാളിത്യവും കാത്തുസൂക്ഷിക്കണം.

ദൈവം, ആരാധന സ്വീകരിക്കണമെങ്കിൽ അതു മനു

ഷ്യന്റെ ഹൃദയത്തിൽ നിന്നായിരിക്കണം വരേണ്ടത്. ആത്മാർത്ഥമായ ഒന്നായിരിക്കണം. അതു ദൈവ ശക്തിയാലും വചനമാകുന്ന സത്യത്താലും നയിക്കുന്നതുമായിരിക്കണം (യോഹന്നാൻ 17:17). ക്രിസ്തുവിന്റെ കല്പനകളെ അവഗണിച്ചുകൊണ്ട് സ്വന്തം ഇഷ്ടം അനുസരിച്ചോ അല്ലെങ്കിൽ മനുഷ്യരുടെ ഇഷ്ടം അനുസരിച്ചോ ആയിരിക്കരുത് ആരാധന. അന്ധമായി പിൻപറ്റുന്നതും ആകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതു വെറുതെയായിപ്പോകും (മത്തായി 15:9). ദൈവം പറഞ്ഞിരിക്കുന്ന ആരാധനാക്രമത്തിൽ ഏതെങ്കിലും ഒന്നു കുറഞ്ഞുപോയാൽ ആരാധന അപൂർണ്ണമാകും. എന്തെങ്കിലും അമിതമായി ചെയ്താൽ അതും കുറ്റമുള്ളതായി തീരും. ആരാധനക്കു എല്ലായ്പ്പോഴും ദൈവം ഒരു മാതൃക തന്നിട്ടുണ്ട്. ആ മാതൃകയാണ് മനുഷ്യർ അനുകരിക്കേണ്ടത്. ക്രിസ്തുവിന്റെ ഉപദേശത്തെ തള്ളിക്കളഞ്ഞു ദൈവത്തെ മാനിക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ സഭയെ തള്ളിക്കളഞ്ഞു ക്രിസ്തുവിനെയോ ദൈവത്തെയോ സ്നേഹിക്കാമെന്നോ പ്രസാദിപ്പിക്കാമെന്നോ ധരിക്കരുത്. ക്രിസ്തു, സഭ എത്രമാത്രം പ്രാധാന്യമുള്ളതായി കാണുന്നുവോ അതേ പ്രാധാന്യത്തോടെ നാമും സഭയെ കാണണം. നാം അതേ ഭാവത്തിൽ തന്നെയായിരിക്കണം.

ക്രിസ്തുവിന്റെ രക്തത്തെയും അതുമായി ബന്ധപ്പെട്ട രക്ഷാമാർഗ്ഗത്തെയും കണ്ടില്ലെന്നു നടിച്ചു മനുഷ്യരുടെ പാരമ്പര്യത്തിൽ തന്നെ ഉറച്ചു നില്ക്കുന്നവരുടെ കൂട്ടം എത്ര വലുതാണെങ്കിലും ദൈവം അവരുടെ ആത്മീയ കാര്യങ്ങളിൽ സംപ്രീതനല്ല. കാരണം എന്റെ വചനത്തെ തള്ളിക്കളയുന്നവൻ എന്നെ തള്ളിക്കളയുന്നു എന്നാണ് കർത്താവ് പറഞ്ഞത്. ദൈവത്തിന്റെ അരുളപ്പാടുകളെ മാനിച്ചു കർത്താവു തന്റെ ശിഷ്യന്മാർക്ക് കൊടുത്ത കല്പനകളെ പൂർണ്ണമായി കൈക്കൊള്ളണം.

★

**YOUR ATTENTION PLEASE !**

## Radio Srilanka Broadcasts

**ENGLISH -** The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI -** Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU -** The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL -** "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM -** The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA -** The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services** and **Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378